8

# സ്നാനം സകല ദേശക്കാർക്കും

*"പിന്നെ അവൻ അവരോടു, 'നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും' " (മർക്കൊസ് 16:15, 16).*

യെരുശലേമിൽ സകലജാതികളോടും സുവിശേഷം പ്രസംഗിക്കുവാൻ യേശു തന്റെ ശിഷ്യന്മാരോടു കല്പിച്ചു (മത്തായി 28:19; മർക്കൊസ് 16:15–16), *യെരുശലേമിൽ തുടങ്ങി* (ലൂക്കോസ് 24:47). യേശുവിന്റെ നാമത്തിലുള്ള പാപമോചനം ആദ്യമായി പെന്തെകൊസ്തുനാളിൽ പ്രസംഗിച്ചതു, പത്രൊസ് ആയിരുന്നു (പ്രവൃത്തി 2:1), അവൻ പറഞ്ഞു, ഇതു അവർക്കും അവരുടെ മക്കൾക്കും, *ദൂരസ്ഥന്മാരായ* – ഏവർക്കും ഉള്ളതാണ് എന്നു (പ്രവൃത്തി 2:39). യേശു ചെയ്യുവാൻ നല്കിയ കാര്യപരിപാടികളാണ് ആദ്യക്രിസ്ത്യാനികൾ ചെയ്തതെന്നു പ്രവൃത്തികളുടെ പുസ്തകം സൂചിപ്പിക്കുന്നു (പ്രവൃത്തി 1:8).

പ്രവൃത്തികളുടെ പുസ്തകത്തിൽ കാണുന്ന സ്നാനത്തിന്റെ നല്ലൊരു ചുരുക്കം ഫ്രെഡറിക് ഡെയിൽ ബ്രൂണർ എഴുതി, "വ്യക്തിപരമായ രക്ഷയുടെ എല്ലാ നിബന്ധനകളും പ്രവൃത്തികളുടെ പുസ്തകത്തിലെ സ്നാനത്തിൽ ഉൾപ്പെടുന്നു: അതായതു സുവിശേഷത്തിലെ സന്ദേശമായ മാനസാന്തരം, പാപമോചനം, പരിശുദ്ധാത്മ ദാനം, സഭയിലേക്കുള്ള പ്രവേശനം എന്നിവ."[1]

മനുഷ്യർ രക്ഷിക്കപ്പെടേണ്ടതിനു വേണ്ടതെല്ലാം ഉൾപ്പെടുത്തിയിരിക്കുന്ന ഒരൊറ്റ രേഖപ്പെടുത്തിയ പരിവർത്തനവും *ഇല്ല*, ചിലതിൽ, മാനസാന്തരത്തെ കാണാം, മറ്റുള്ളവയിൽ സന്ദേശം കേൾക്കുകയും, വിശ്വസിക്കയും, സ്നാനപ്പെടുകയും ചെയ്യുന്നുണ്ട്. ഈ ആവശ്യങ്ങളിൽ ഏതെങ്കിലും ഒന്നു ഉൾപ്പെടുത്തുമ്പോൾ മറ്റുള്ളവ അനുമാനിക്കണം. ഇതു ശരിയല്ലെങ്കിൽ, മറ്റു പ്രസ്താവനകൾ രക്ഷക്കു ആവശ്യമില്ലെന്നോ

ഗൗരവമായി എടുക്കേണ്ടതില്ലെന്നോ ഗണിക്കും (മർക്കോസ് 16:16; പ്രവൃത്തി 2:38).

ഒന്നാം നൂറ്റാണ്ടിൽ സുവിശേഷം എങ്ങനെ ലോകം മുഴുവൻ വ്യാപിച്ചു എന്നതു പ്രവൃത്തികളുടെ പുസ്തകം പറയുന്നുണ്ട്. യേശുക്രിസ്തുവിന്റെ അധികാരത്തിലായിരുന്നു (*നാമത്തിൽ*) ആദ്യ ക്രിസ്ത്യാനികളുടെ പരിവർത്തനങ്ങൾ (കൊലൊസ്യർ 3:17). പ്രവൃത്തികളിൽ ഉപദേശം, അത്ഭുതം, സ്നാനം എന്നിവ അടങ്ങിയിരിക്കുന്നു (പ്രവൃത്തി 2:38; 3:6, 16; 4:10, 12, 30; 5:41; 8:12, 16; 9:27, 28; 10:43, 48; 15:26; 16:18; 19:5; 22:16).

**സന്ദേശം**

പെന്തെകൊസ്തു നാളിലെ ആ വലിയ പ്രതികരണത്തിനുശേഷം അനേക പരിവർത്തനങ്ങൾ പിന്നീടുണ്ടായി (പ്രവൃത്തി 2:41; 4:4; 5:14; 6:1, 7). ശൗലിന്റെ പ്രവർത്തനവും മറ്റുമായി സഭയ്ക്കു ഉപദ്രവം നേരിടുന്നതുവരെ യെരുശലേമിൽ മാത്രമായിരുന്നു പ്രവർത്തനം കേന്ദ്രീകരിച്ചിരുന്നത് (പ്രവൃത്തി 8:3). ശൗൽ പിന്നീട് പൗലോസാ യി മാറി (പ്രവൃത്തി 13:9). പിന്നെ ലോകത്തിന്റെ മറ്റുഭാഗങ്ങളിലേക്കു വ്യാപിച്ചു. ഫിലിപ്പൊസ് ശമര്യപട്ടണത്തിൽ ക്രിസ്തുവിനെ പ്രസംഗിച്ചു (പ്രവൃത്തി 8:5), അതിനുശേഷം ഐത്യോപ്പ്യനായ കാര്യവിചാരകനോടും (പ്രവൃത്തി 8:35).

പ്രസംഗത്തിൽ ക്രിസ്തുവിന്റെ നാമത്തെക്കുറിച്ചു ഉപദേശം അടങ്ങിയിരിക്കുന്നു (പ്രവൃത്തി 8:5, 35), കൂടാതെ സ്നാനം (പ്രവൃത്തി 8:12, 36), യേശുവിന്റെ മരണം (പ്രവൃത്തി 2:23, 36; 3:15; 4:10; 5:30; 10:39; 13:28), അവന്റെ രാജ്യം (19:8; 20:25; 28:23, 31), അവന്റെ ഉയിർപ്പ് (പ്രവൃത്തി 2:24, 32; 3:15; 4:2, 10, 33; 10:40; 13:30; 17:3, 18, 31; 23:6; 24:15, 21; 26:8, 23;1 കൊരിന്ത്യർ 2:1, 2) എന്നിവയും ഉൾപ്പെടുന്നു. യേശുവിന്റെ മരണവും രക്തവും *പാപങ്ങളെ മോചിക്കുന്നു* എന്നു പ്രവൃത്തികളുടെ പുസ്തകത്തിൽ *ഒരിടത്തും പറയുന്നില്ല*. എങ്കിലും, ഇതു കൂടെ സന്ദേശത്തിൽ ഉൾപ്പെട്ടിരിക്കണം, കാരണം നമ്മുടെ പാപങ്ങളെ പോക്കി ശുദ്ധീകരിക്കുന്നതു അവന്റെ രക്തമാകുന്നു (1 യോഹന്നാൻ 1:7), അവന്റെ രക്തത്തിലുള്ള വിശ്വാസം മൂലമാണ് നീതീകരണം വരുന്നത് (റോമർ 3:25), രക്തം ചിന്തിയാലല്ലാതെ പാപങ്ങൾക്കു മോചനമില്ല (എബ്രായർ 9:22). പൗലൊസ് ക്രിസ്തുവിന്റെ ക്രൂശിനെ കുറിച്ചു പ്രസംഗിച്ചതായി പ്രവൃത്തികളുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും (പൗലോസിന്റെ പ്രസംഗങ്ങൾ പരിശോധിക്കുക. പ്രവൃത്തി 13:16–47; 14:15–17; 17:22–31; 20:18–35; 22:3–21; 23:6; 24:10–21; 26:4–23). ക്രൂശിനെ കുറിച്ചു താൻ പ്രസംഗിച്ചതായി പൗലോസ് എഴുതി (1 കൊരിന്ത്യർ 2:1, 2). പരിവർത്തനങ്ങളിൽ നടന്നതെല്ലാം പ്രവൃത്തിക

ളുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയി*ട്ടില്ല* എന്നതിനു ഇതു മതിയായ തെളിവാണ്. രക്ഷയുടെ പൂർണ്ണചിത്രം കിട്ടണമെങ്കിൽ, രക്ഷയെക്കുറിച്ചു പുതിയനിയമം പഠിപ്പിക്കുന്ന എല്ലാ ഭാഗങ്ങളും എടുക്കണം.

### ഫിലിപ്പൊസിന്റെ പ്രസംഗം

പെന്തെകൊസ്തു നാളിൽ പത്രൊസ് യെരുശലേമിൽ പ്രസംഗിച്ചതുപോലെ തന്നെയായിരിക്കണം ഫിലിപ്പൊസും പ്രസംഗിച്ചതു (പ്രവൃത്തി 2:38; ലൂക്കോസ് 24:47) പെന്തെക്കൊസ്തുനാളിൽ (പ്രവൃത്തി 2:1). എല്ലാ അപ്പൊസ്തലന്മാരോടും കൂടെ ഫിലിപ്പൊസും യെരുശലേമിൽ ഉണ്ടായിരുന്നു (പ്രവൃത്തി 6:2-5), അവനും അനേകരോടു കുടെ അപ്പോസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും പോന്നു (പ്രവൃത്തി 2:42). അതുകൊണ്ടു, അവരുടെ ഉപദേശത്തെ സുപരിചിതമായിരുന്നതുകൊണ്ടു അതേ സന്ദേശം തന്നെ അവനും പ്രസംഗിച്ചിരിക്കണം. ഫിലിപ്പൊസിന്റെ പ്രസംഗത്തോടു ആളുകൾ പ്രതികരിച്ചു സ്നാനമേറ്റതു ഈ സത്യത്തിനു പിൻബലം ഏകുന്നു (പ്രവൃത്തി 8:12, 35-39), അതേ പ്രതികരണമായിരുന്നു പത്രോസിന്റെ പ്രസംഗത്തിലും (പ്രവൃത്തി 2:41).

പത്രോസിന്റെ, പ്രസംഗം കേട്ട ഭക്തിയുള്ള യെഹൂദന്മാർക്കും ഫിലിപ്പൊസിന്റെ പ്രസംഗം കേട്ട പാപികൾക്കും യേശുവിന്റെ രക്തത്താലുള്ള രക്ഷ അനിവാര്യമായിരുന്നു (പ്രവൃത്തി 2:5), ഫിലിപ്പൊസിന്റെ പ്രസംഗം കേട്ടവർ യേശുക്രിസ്തുവിന്റെ രക്തം മൂലം രക്ഷിക്കപ്പെടേണ്ട പാപികളായിരുന്നു (റോമർ 3:23-25). എല്ലാവരേയും ബാധിക്കുന്ന സന്ദേശം അവർക്കു കൊടുക്കാനുള്ള കാരണം, ഇതാണ് (പ്രവൃത്തി 15:9). ഈ സന്ദേശം യെരുശലേമിൽ തുടങ്ങി സകല ജാതികളോടും പ്രസംഗിക്കേണ്ടതാണെന്നു യേശു അവരോടു പറഞ്ഞിരുന്നു (ലൂക്കോസ് 24:47). മനുഷ്യരുമായി ഏർപ്പെടുമ്പോൾ ദൈവം മുഖപക്ഷം കാണിക്കാത്തവനും പൊരുത്തമുള്ളവനും ആകുന്നു (റോമർ 2:5-11). പത്രൊസിന്റെ ആദ്യപ്രസംഗം കേട്ടവരെല്ലാം മാനസാന്തരപ്പെട്ട് പാപമോചനത്തിനായി സ്നാനമേല്ക്കേണ്ടിയിരുന്നു (പ്രവൃത്തി 3:28), എങ്കിൽ എല്ലായിടത്തുമുള്ള ആളുകൾ, ഫിലിപ്പൊസിന്റെ പ്രസംഗം കേട്ടവരടക്കം അപ്രകാരം ചെയ്യേണ്ടിയിരുന്നു.

അതുകൊണ്ടു, ഫിലിപ്പൊസിന്റെ പ്രസംഗം, കേട്ടു പ്രതികരിച്ചവർ സ്നാനം ഏറ്റു (പ്രവൃത്തി 8:12, 38). പറഞ്ഞിട്ടില്ലെങ്കിലും, പത്രൊസ് പെന്തെകൊസ്തു നാളിൽ പ്രസംഗിച്ച അതേ പ്രസംഗം തന്നെയായിരുന്നു ഫിലിപ്പോസും പ്രസംഗിച്ചതു എന്നു നമുക്കു അനുമാനിക്കാം. വെള്ളത്താലും ആത്മാവിനാലും ജനിക്കുന്ന ദൈവത്തിന്റെ ചരിത്ര വിവരണങ്ങളുടെ പുസ്തകമാണ് പ്രവൃത്തികളുടെ പുസ്തകം. നീതിമാനായാലും, നീതികെട്ടവരായാലും, ദൈവരാജ്യത്തിൽ പ്രവേശിക്കണ

മെങ്കിൽ വെള്ളത്താലും ആത്മാവിനാലും വീണ്ടും ജനിക്കണമെന്നു യേശു ദൈവഭക്തനായിരുന്ന നിക്കോദേമോസിനോടു പപറഞ്ഞു (യോഹന്നാൻ 3:3–5; പ്രവൃത്തി 8:12).

ഐത്യോപ്യന്റെ പരിവർത്തനത്തെകുറിച്ചു ബ്രൂണർ വിവരിച്ചു:

> ഈ സന്ദർഭത്തിൽ പാപങ്ങളുടെ മോചനത്തെ പറ്റിപ്പറയുന്നില്ല. ഷണ്ഡൻ അതു വിശ്വസിച്ചതായും പറയുന്നില്ല. എന്നാൽ സ്നാനം ഇതെല്ലാം വ്യക്തമാക്കുന്നു. പ്രവൃത്തികളുടെ പുസ്തകത്തിൽ സ്നാനം എന്നതു "വിശ്വാസവും" "പാപമോചനവും," അണ് "പരിശുദ്ധാത്മാവ് എന്ന ദാന" ത്തിൽ നിന്നു കുറഞ്ഞതൊന്നുമല്ല ദൈവം തരുന്നത് (2:38–41). വ്യക്തിയുടെ രക്ഷക്കു ആവശ്യമായതെല്ലാം അടങ്ങുന്നതാണ് പ്രവൃത്തികളുടെ പുസ്തകത്തിലെ സ്നാനം. സുവിശേഷ സന്ദേശം, മാനസാന്തരം, പാപമോചനം, പരിശുദ്ധാത്മാവ് എന്ന ദാനം, സഭയിലേക്കുള്ള പ്രവേശനം എന്നിവയാണ്.[2]

ഐത്യോപ്പ്യനെ കുറിച്ചു പറഞ്ഞതിൽ നിന്നു ചില കാര്യങ്ങൾ, തീർച്ചപ്പെടുത്താവുന്നതു: (1) അവനെ യേശുവിനെ കുറിച്ചു പഠിപ്പിച്ചിരുന്നു (പ്രവൃത്തി 8:35); (2) യേശുവിന്റെ ഇഷ്ടത്തോടുള്ള പ്രതികരണമായി സ്നാനമേൽക്കുവാൻ അവൻ ആഗ്രഹിച്ചു (പ്രവൃത്തി 8:36); (3) യേശു മശിഹയാണെന്നു അവൻ വിശ്വസിച്ചു; (4) യെഹൂദനിൽ നിന്നു ഒരു ക്രിസ്ത്യാനിയായി മാറുവാൻ അവൻ തയ്യാറായി (പ്രവൃത്തി 8:36) – മാനസാന്തരത്തിന് തയ്യാറായി (5) അവൻ സ്നാനമേറ്റു (പ്രവൃത്തി 8:38), പാപമോചനം ലഭിക്കുവാനുള്ള അവന്റെ താല്പര്യത്തെയാണ് ഇതു വെളിപ്പെടുത്തുന്നത്. യേശുവിനെ അനുഗമിച്ച എല്ലാവരുടേയും മാതൃക തന്നെയാണ് അവന്റെ പരിവർത്തനത്തിലും ഉണ്ടായിരുന്നത് എന്നു പരിവർത്തനരേഖ വെളിപ്പെടുത്തുന്നു.

### ശൗലിന്റെ പരിവർത്തനം

പൗലോസ് ആയി അറിയപ്പെട്ട് ശൗലിന്റെ, പരിവർത്തനത്തെക്കുറിച്ചാണ് മൂന്നു വിവരങ്ങൾ നല്കുന്നത് (പ്രവൃത്തി 13:9), ലൂക്കോസ് ഒരിക്കൽ വിവരിച്ചു (പ്രവൃത്തി 9:1–20). രണ്ടു പ്രാവശ്യം പൗ ലോസ് തന്നെ വിവരിക്കുന്നുണ്ട് (പ്രവൃത്തി 22:1-16; 26:1–18), സഭാ ചരിത്രത്തിൽ അവന്റെ പരിവർത്തന പ്രാധാന്യം സൂചിപ്പിക്കയാണിത്. യേശു പൗലോസിനു പ്രത്യക്ഷനായതു അവനെ അപ്പൊസ്തലനായി നിയോഗിക്കുന്നതിനു വേണ്ടിയായിരുന്നു. യേശു അതു പറയുന്നു ണ്ട് (പ്രവൃത്തി 26:16), അവൻ ജാതികളുടെ പ്രത്യേക പ്രതിനിധിയായി തീരേണ്ടിയിരുന്നു (ഗലാത്യർ 1:1; പ്രവൃത്തി 26:16–18).

അവൻ രക്ഷിക്കപ്പെട്ടു എന്നുറപ്പിക്കേണ്ടതിനായിരുന്നില്ല ശൗലിനു

കർത്താവു പ്രത്യക്ഷനായത്; പകരം, അവൻ എന്തു ചെയ്യേണം എന്നറിയുവാൻ ദമസ്കോസിലേയ്ക്കു പോക എന്നാണ് യേശു അവനോടു പറഞ്ഞത് (പ്രവൃത്തി 9:6; 22:10), പിന്നെ അവനെ ഉപദേശിപ്പാൻ അനന്യാസിനെ അയച്ചു (പ്രവൃത്തി 22:14-16). അവൻ പ്രത്യേകമായി ക്രിസ്തുവിന്റെ വേല ചെയ്യേണ്ടവനായിരുന്നു. എങ്കിലും തന്റെ പാപങ്ങളുടെ മോചനത്തിനായി മറ്റെല്ലാവരും പ്രതികരിക്കുന്നതുപോലെ തന്നെ അവനും പ്രതികരിക്കണമായിരുന്നു (പ്രവൃത്തി 22:16).

പ്രവൃത്തി 22:16നെ കുറിച്ചു ബ്രൂണേഴ്സ് പ്രതിപാദിച്ചിരിക്കുന്നതു പരിഗണിക്കേണ്ടതു തന്നെ:

> അനന്യാസിന്റെ നിർദ്ദേശങ്ങൾ പൗലോസ് ഓർമ്മിച്ചിരുന്നു, "ഇനി താമസിക്കുന്നതെന്ത്? എഴുന്നേറ്റു, അവന്റെ നാമം വിളിച്ചു പ്രാർത്ഥിച്ചു സ്നാനംഏറ്റു നിന്റെ പാപങ്ങളെ കഴുകി കളക എന്നു പറഞ്ഞു'' (പ്രവൃത്തി 22:16). പൗലോസിന്റെ പാപം സ്നാനത്തോടെയാണ് നീങ്ങേണ്ടിയിരുന്നത്. പെന്തകൊസ്തു നാളിനു ശേഷം ആദ്യം പ്രവൃത്തിയിൽ പറയുന്ന സ്നാനത്തിലും ഇതു ബന്ധ പ്പെടുത്തിയാണ് സൂചിപ്പിക്കുന്നത്, "'... പാപങ്ങളുടെ മോചനത്തിനായി സ്നാനം ഏല്പിൻ' " (2:38).
>
> ... *പൗലോസ്* എഴുന്നേറ്റു സ്നാനമേല്ക്കേണ്ടിയിരുന്നു. ആരെങ്കിലും ഇതിനെ ഒരു പ്രവൃത്തിയായോ നിബന്ധനയായോ പറയാ നാഗ്രഹിക്കുന്നുവെങ്കിൽ – അയാളോട് ഈ പദപ്രയോഗം ഉപയോഗിക്കരുത് എന്നാണ് – പിന്നെ സ്നാന ത്തിലേയ്ക്കു നടക്കൽ എന്ന "നിബന്ധന" മാത്രമാണുള്ളത്. എന്നിട്ടും ലൂക്കോസ് ഊന്നി പറഞ്ഞതുപോലെ, പറയട്ടെ ഈ നടപ്പു സാധ്യമാക്കിയതു കർത്താവിന്റെ പരമാധികാരത്തിലുള്ള വിശ്വാസം, പ്രവർത്തിച്ചതു കൊണ്ടാണ് (ഉദാ: പ്രവൃത്തി 3:16).
>
> ഇത്, എങ്ങനെയായാലും, മനുഷ്യന്റെ *ഉത്തരവാദിത്വം* ആയതുകൊണ്ട് മറ്റൊരു ദിശയിൽ പോയാൽ ഉത്തരവാദിത്വത്തിൽ നിന്ന് മാറുന്നതു*കൊണ്ട്* നാം പരാജയപ്പെടും (അതായത്., ആത്മീയമായി അതിർ കടന്ന ഉത്തരവാദിത്വമല്ല, എന്നാൽ സ്നാനം എന്ന ലളിതമായ ഒന്നാണ്) അത് പ്രവൃത്തികളുടെ പുസ്തകത്തിലെ ഗൗരവത്തോടെ നാം എടുക്കണം.
>
> ഈ ഉത്തരവാദിത്വത്തെ ഉയർത്തുവാൻ രണ്ട് മുഖ്യമായ ക്രിയകൾ "റൈസ്," എന്നും "ബി ബാപ്റ്റൈസ്ഡ്" എന്നും "വാഷ്" എന്നും *മദ്ധ്യ*അപൂർണ്ണ ക്രിയയോട് ചേർത്തിരിക്കുന്നു. മദ്ധ്യ ശബ്ദത്തിന് "ബാപ്റ്റൈസ് യുവേഴ്സെൽഫ്," എന്നല്ല അർത്ഥം മറിച്ച് "ലെറ്റ് യുവേഴ്സെൽഫ് ബി ബാപ്റ്റൈസ് ആന്റ് ദസ് ക്ലെൻസ്ഡ്".... എന്നിട്ടും *പൗലൊസ്* തന്നെ അതിന് *ഏല്പിക്കുകയും* – ഈ രണ്ടു വിധത്തിൽ, ''പൗലൊസും'' ''ഏല്പിക്കുകയും,'' എന്നത് ഉത്തരവാദിത്വത്തോടുകൂടി ദൈവികനിർദ്ദേശമായ ക്രിസ്തീയ

സ്നാനം എടുക്കണം. മറിച്ച് ഏതു വിധമായാലും നഷ്ടം വലുതായിരിക്കും.

പൗലൊസിന് മറ്റുനിബന്ധനകളൊന്നും ഉണ്ടായിരുന്നില്ല എന്നാൽ അവൻ തന്നെ സ്നാനത്തിന് *അനുവദിക്കുകയായിരുന്നു.* ദൈവം നിർദ്ദേശിച്ച സ്നാനത്തിന്റെ എല്ലാ നിബന്ധനകളും കൈവരിച്ചു പൗലൊസിന്റെ പ്രയോഗപ്രകാരം, ''ഏകന്റെ അനുസരണത്താൽ" ആണ് (റോമർ 5:19).[3]

പ്രവൃത്തി 22:16 നമ്മെ പഠിപ്പിക്കുന്നതു, സ്നാനത്തിൽ, പാപങ്ങളെ കഴുകി കളയുന്നതു ദൈവേഷ്ടമാണ്. ദൈവത്താലും നമ്മുടെ ഉത്തരവാദിത്തത്താലുമാണ് നമ്മെ സ്നാനത്തിനായി അവിടെ എത്തിക്കുന്നത്. ആത്മീയ സ്നാനത്തെ കുറിച്ചുള്ള പ്രവൃത്തികളുടെ പുസ്തകത്തിൽ പറയുന്നതെല്ലാം ചുരുക്കി പറയുകയാണ്. തന്റെ ജീവിതത്തിലെ പാപങ്ങൾ നീങ്ങപ്പെട്ട സംഭവം വിവരിക്കുന്നുണ്ട്. ഇന്നു നമുക്കു ചുറ്റും കലങ്ങി മറിഞ്ഞ ഉപദേശങ്ങളാണ് പ്രവൃത്തികളുടെ പുസ്തക ത്തിലെ ഈ വേദഭാഗത്തെ സംബന്ധിച്ചുള്ളത്. ഒരു ക്രിസ്ത്യാനിയുടെ, ജീവിത ത്തിൽ സ്നാനത്തിനു മുമ്പോ പിമ്പോ സംഭവിക്കുന്ന കാര്യമല്ല ഇവിടെ പറയുന്നത്. സ്നാനപ്പെടുമ്പോഴാണ് ഒരാളുടെ പാപം നീങ്ങുന്നതും അയാൾ ക്രിസ്ത്യാനിയാകുന്നതും. ഇതാണ് ദൈവത്തിന്റെ കൃപ.[4]

യേശുവിൽ വിശ്വസിക്കയും മാനസാന്തരപ്പെടുകയും ചെയ്തുകൊണ്ടാണ് പൗലോസ് സ്നാനപ്പെട്ടത്, അവൻ ദമസ് കോസിലേയ്ക്കു ക്രിസ്ത്യാനികളെ ഉപദ്രവിക്കാൻ പോകുകയായി രുന്നു, എന്നാൽ നീ എഴുന്നേറ്റു പട്ടണത്തിൽ ചെല്ലുക നീ ചെയ്യേ ണ്ടതു അവിടെ വെച്ചു നിന്നോടു പറയും എന്ന യേശുവിന്റെ നിർദ്ദേശം അവൻ അനുസരിച്ചു. (പ്രവൃത്തി 9:6; 22:10). അവൻ അവിടെ എത്തിയപ്പോൾ, ക്രിസ്ത്യാനികളെ ഉപദ്രവിക്കുന്നതിനു പകരം, ഉപവസിക്കയും (പ്രവൃത്തി 9:9) പ്രാർത്ഥിക്കയും (പ്രവൃത്തി 9:11) കൂടുതൽ നിർദ്ദേശത്തിനായി കാത്തിരിക്കുകയും ചെയ്തു. അവൻ വിശ്വസിക്കയും മാനസാന്തരപ്പെടുകയും, ചെയ്തിരുന്നെങ്കിലും അവന്റെ പാപങ്ങൾ കഴുകപ്പെട്ടിരുന്നില്ല; കർത്താവിലുള്ള അവന്റെ വിശ്വാസം മാറുവാൻ കാരണമായി. എന്നിട്ടും അവനോടു, ''... എഴുന്നേറ്റു, കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ചു, സ്നാനമേറ്റു, പാപങ്ങളെ കഴുകി കളക" എന്നു പറഞ്ഞു (പ്രവൃത്തി 22:16).

അനന്യാസ് ശൗലിനോട്, "കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ച്," പാപങ്ങളെ കഴുകിക്കളയുന്നതിന് സ്നാനം ഏൽക്ക എന്നു പറഞ്ഞ തിനാൽ സ്നാനപ്പെടുന്നതിനു മുമ്പ് പ്രാർത്ഥിച്ചപ്പോൾ തന്നെ അവന്റെ പാപങ്ങൾ മോചിക്കപ്പെട്ടു എന്നാണ് ചിലർ കരുതുന്നത്. അത്തരം

നിഗമനം രണ്ടു കാരണങ്ങളാൽ വാസ്ത വമല്ല:

(1) "വിളിക്കുക," എന്ന വാക്ക് *എപ്പിക്കല്ലെയോമായി,* എന്നതു ഒന്നുകിൽ ഒരാളെ രണ്ടാമതൊരു പേർ വിളിക്കുന്നതിന് (ലൂക്കോസ് 22:3; പ്രവൃത്തി 1:23; 4:36; 10:5; മുതലായവ) അല്ലെങ്കിൽ മറ്റാരോ ടെങ്കിലും അപേക്ഷിക്കുന്നതിന് ഉപയോഗിക്കുന്നതാണ് (പ്രവൃത്തി 25:11, 12, 21, 25). പാപി യേശുവിന്റെ നാമത്തിൽ രക്ഷയ്ക്കു വേണ്ടി അപേക്ഷിക്കുകയാണ് (പ്രവൃത്തി 2:21; റോമർ 10:13). പെന്തെ കൊസ്തു നാളിലെ തന്റെ പ്രസംഗത്തിൽ പത്രൊസ് യോവേൽ 2:32 ഉദ്ധരിച്ചു എങ്കിലും പ്രവൃത്തി 2:21 (''കർത്താവിന്റെ നാമം വിളിച്ച പേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും''), ഞങ്ങൾ എന്തു ചെയ്യേണം എന്നു ചോദിച്ചവരോടു അവൻ ''മാനസാന്തരപ്പെട്ടു, നിങ്ങൾ ഓരോരുത്തൻ പാപങ്ങളുടെ മോചനത്തിനായി യേശു ക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേല്പിൻ'' എന്നു പറഞ്ഞു (പ്രവൃത്തി 2:38). സ്നാനപ്പെടുമ്പോൾ, പാപങ്ങളുടെ മോചനത്തിനായി *കർത്താവിന്റെ നാമത്തിൽ അപേക്ഷിക്കയാണ്.* ഇതാണ് യേശുവിന്റെ നാമത്തിൽ രക്ഷക്കു അപേക്ഷിക്കൽ.

(2) മുഖ്യ ക്രിയകളായ ''എഴുന്നേറ്റു'' ''സ്നാനമേല്പിൻ'' എന്നതിനു ചേർന്നു വരുന്ന *അപൂർണ്ണ ക്രിയയാണ്* പ്രവൃത്തി 22:16 ലെ ''വിളിച്ചപേക്ഷിക്കൽ'' റോബർട്ട്സൺ പറയുന്നതനുസരിച്ച് ''അപൂർണ്ണ ക്രിയയും മുഖ്യക്രിയകളും ഒരേ സമയത്തു പ്രവർ ത്തിക്കുന്നതായിട്ടാണ് വരുന്നത്."[5] ഇതിന്റെ അർത്ഥം, ''വിളിച്ചപേ ക്ഷിക്കൽ" എന്ന *അപൂർണ്ണക്രിയയും* മുഖ്യക്രിയകളായ ''സ്നാന മേറ്റു" "പാപങ്ങളെ കഴുകി കളക" എന്നിവയും ഒരുമിച്ചു പ്രവർത്തി ക്കുന്നു. ശുദ്ധീകരണത്തിനായി ഒരാൾ അപേക്ഷിക്കേണ്ട സമയം സ്നാനപ്പെടുമ്പോഴാണ് (1 പത്രൊസ് 3:21 നോക്കുക).

## സ്നാനത്തിന്റെ മറ്റുദാഹരണങ്ങൾ

പ്രവൃത്തികളുടെ പുസ്തകത്തിൽ രേഖപ്പെടുയിരിക്കുന്ന ഓരോ പരിവർത്തനത്തിലേയും വിവരണങ്ങളിൽ നിന്നു വ്യത്യസ്തമാണ് ലൂക്കോസിന്റെ അവതരണോദ്ദേശം. ഇതെല്ലാം യോജിപ്പിച്ചു നോക്കിയാൽ *ആവശ്യമായി* കാണപ്പെടുന്നതു പാപമോചനവും പുതിയ ജീവിതവുമാണ്. സന്ദേശം യേശുവും, ആവശ്യപ്പെട്ട പ്രതിക രണം യേശുവിലുള്ള വിശ്വാസവും, മാനസാന്തരവും, പാപമോചന ത്തിലുള്ള സ്നാനവുമായിരുന്നു. എല്ലാ മൂലകങ്ങളും ഓരോ പരിവർത്തന സംഭവത്തിലും;എടുത്തു പറഞ്ഞിട്ടില്ലെങ്കിലും, ലൂക്കോസിന്റെ എഴുത്തു സൂചിപ്പിക്കുന്നതു, ഏതെങ്കിലും സംഭവത്തിൽ *ആവശ്യമായത്* മറ്റെല്ലാ സംഭവത്തിലും *ആവശ്യമാണ്,* അപ്പോൾ പൂർണ്ണമായ ചിത്രം കിട്ടണമെങ്കിൽ നാം പുതിയ

നിയമത്തിലെ എല്ലാ വേദഭാഗങ്ങളും പരിഗണിക്കണം.

ക്രിസ്തു പ്രസംഗിക്കപ്പെട്ടു (പ്രവൃത്തി 2:22-36; 4:12; 8:5, 35; 10:36-43); എങ്കിലും, ഇതു എല്ലാ സംഭവങ്ങളിലും പറഞ്ഞിട്ടില്ല (16:13, 32; 18:4). ക്രിസ്തുവിനെക്കുറിച്ചു എന്താണ് പ്രസംഗിച്ചതെന്ന് എല്ലായ്പ്പോഴും പറഞ്ഞിട്ടില്ല (പ്രവൃത്തി 8:5, 35), എന്നാൽ സന്ദേശത്തിൽ യേശുവിനെ ക്കുറിച്ചു ആവശ്യമായതെല്ലാം പ്രസംഗിച്ചു.അതിൽ അവന്റെ ക്രൂശിലെ മരണവും ഉയിർത്തെഴുന്നേറ്റ് അവൻ ലോക രക്ഷിതാവായി തീർന്നതും ഉൾപ്പെടുന്നു. ഇതുതന്നെയാണ് മനുഷ്യൻ രക്ഷിക്കപ്പെടേണ്ടതിന്നു എന്തു ചെയ്യേണം എന്നതിലും ഉൾപ്പെടുന്നത്. ഒരു സംഭവത്തിലും പറഞ്ഞ എല്ലാ കാര്യങ്ങളും വെളിപ്പെടുത്തിയിട്ടില്ല, അല്ലെങ്കിൽ ചെയ്തതെല്ലാം ഒരു സംഭവത്തിലും വെളിപ്പെടുത്തിയിട്ടില്ല (പ്രവൃത്തി 2:40).

ചില സംഭവങ്ങളിൽ വ്യക്തികളോടു വിശ്വസിക്കുവാൻ പറഞ്ഞു (പ്രവൃത്തി 10:43; 13:39; 16:31); ചില അവസരങ്ങളിൽ അവരോടു മാനസാന്തരപ്പെടുവാൻ പറഞ്ഞു (പ്രവൃത്തി 2:38; 3:19; 17:30; 26:20); വേറെ ചില സന്ദർഭങ്ങളിൽ അവരോടു സ്നാനപ്പെടുവാൻ പറഞ്ഞു (പ്രവൃത്തി 2:38; 10:48; 22:16). പല സംഭവങ്ങളിലും അവർ വിശ്വസിച്ചതായി പറഞ്ഞിരിക്കുന്നു (പ്രവൃത്തി 4:4; 8:12, 13; 9:42; 11:17, 21; 13:12, 48; 14:1; 17:4, 12, 34; 18:8; 19:18). അവർ മാനസാന്തരപ്പെട്ടു എന്നു ഒറ്റ സംഭവത്തിലും പറഞ്ഞിട്ടില്ല. അനവധി സംഭവങ്ങളിൽ അവർ സ്നാനപ്പെട്ടു എന്നു രേഖപ്പെടുത്തിയിട്ടുണ്ട് (പ്രവൃത്തി 2:41; 8:12, 38; 9:18; 16:15, 33; 18:8; 19:5). ഇവയെല്ലാം യോജിപ്പിക്കുന്ന ചിത്രം വ്യക്തമാ ക്കുന്നതു, രക്ഷ അന്വേഷിച്ചവർ സുവിശേഷം വിശ്വസിച്ചു, മാനസാ ന്തരപ്പെട്ടു, പാപങ്ങളുടെ മോചനത്തിനായി സ്നാനമേറ്റു എന്നാണ്.

എല്ലാ സംഭവങ്ങളിലും സ്നാനം യേശുവിന്റെ നാമത്തിലായിരുന്നു എന്നു പറഞ്ഞിട്ടില്ല (പ്രവൃത്തി 8:38, 39; 9:18; 16:33; 18:8; 22:16), എന്നാൽ അതങ്ങനെ തന്നെ ആയിരുന്നു എന്നു ഊഹിക്കാം (പ്രവൃത്തി 4:12). വിശ്വസിക്കയും സ്നാനമേല്ക്കയും ചെയ്തവർ മാനസാന്തരപ്പെട്ടു എന്നു പറഞ്ഞിട്ടി *ല്ലെങ്കിലും* അവർ *മാനസാന്തരപ്പെട്ടു* എന്നു ഊഹിക്കാം (യോഹന്നാന്റെ പരിവർത്തകരും മാനസാന്തരപ്പെട്ടു, എന്നു രേഖപ്പെടുത്തിയിട്ടില്ല മത്തായി 3:2; ലൂക്കോസ് 3:3), അവർ മാനസാന്തരപ്പെട്ടു എന്നു അനുമാനിക്കാം. സ്നാനത്തിന്റെ കാര്യത്തിലും അങ്ങനെ തന്നെ വിശ്വസിച്ചവർ സ്നാനമേറ്റു; എന്നു എല്ലാ സംഭവങ്ങളിലും പറഞ്ഞിട്ടില്ലെങ്കിലും, അവർ സ്നാനപ്പെട്ടു എന്നു നമുക്കു ഊഹിക്കാം, കാരണം യേശു പറഞ്ഞു വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും എന്നാണ്. രക്ഷക്കു യേശു ആവശ്യപ്പെടുന്നതെല്ലാം പറയുന്നതിൽ ദൈവശ്വസീയരായ ആരും പരാജയപ്പെടുകയില്ല.

**രക്ഷിക്കപ്പെടാത്ത - സംഭവങ്ങൾ**

രേഖപ്പെടുത്തിയ പരിവർത്തനങ്ങളോടനുബന്ധിച്ചു നടന്ന ചിലകാര്യങ്ങളിൽ ക്രിസ്തു രക്ഷക്കു ആവശ്യപ്പെടുന്നവയിൽ ഉൾപ്പെടുന്നില്ല. അവ മറ്റു പരിവർത്തനങ്ങളിൽ പ്രതീക്ഷിക്കാവുന്നതുമല്ല: (1) തന്റെ പ്രത്യേക സാക്ഷിയാക്കേണ്ടതിന്നു യേശു ശൗലിനെ അറിയിക്കുവാൻ അവനു പ്രത്യക്ഷനായി (പ്രവൃത്തി 26:16–18). യേശു അവന്നു പ്രത്യക്ഷനായ ശേഷവും, അവൻ പാപിയായിരുന്നു. അവൻ സ്നാനമേറ്റു പാപങ്ങളെ കഴുകി കളയേണ്ടിയിരുന്നു (പ്രവൃത്തി 22:16). (2) കൊർന്നെല്യോസിനും, അവന്റെ ഭവനത്തിലുള്ളവർക്കും, സ്നേഹിതന്മാർക്കും സ്നാനപ്പെടുന്നതിനു മുൻപ്; പരിശുദ്ധാത്മാവു ലഭിച്ചു. യെഹൂദന്മാരെ രക്ഷക്കു സ്വീകരിക്കുന്നതുപോലെ, ജാതികളെയും, സ്വീകരിക്കുന്നു, എന്നു പിൻവരുന്ന എല്ലാ തലമുറകളെയും അറിയിക്കുന്നതിനുള്ള പ്രത്യേക സംഭവമായിരുന്നു അത് (പ്രവൃത്തി 15:7–9). പത്രോസിന്റെ പ്രസംഗം മുഖാന്തരമാണ് അവരിലേക്കും രക്ഷ വന്നതു (പ്രവൃത്തി 11:14), അതിൽ യേശുവിലുള്ള വിശ്വാസവും (പ്രവൃത്തി 10:43) സ്നാനവും ഉൾപ്പെടുന്നു (പ്രവൃത്തി 10:47, 48).

ജാതികളുടെ ആദ്യപരിവർത്തനത്തെക്കുറിച്ചു ബ്രൂണർ എഴുതി,

> 11–ാം അദ്ധ്യായത്തിൽ പത്രൊസ് യെരുശലേമിലെ സഭയിൽ കൈസര്യയിൽ സംഭവിച്ചതിനെ അവതരിപ്പിക്കുന്നുണ്ട്. "ആദിയിൽ നമ്മുടെ മേൽ എന്നപോലെ പരിശുദ്ധാത്മാവ് കൊർന്നെല്യോസിന്റെ ഭവനത്തിലുള്ളവരുടെമേലും വന്നു" (വാക്യം 15). ഈ സൂചന പ്രധാനപ്പെട്ടതാണ്. "എല്ലാവർക്കും അവൻ പരിശുദ്ധാത്മാവിനെ നല്കുന്നതുപോലെ കൊർന്നെല്യോസിന്റെ ഭവനത്തിലും അവൻ ചെയ്തു" ... എന്നല്ല പത്രോസ് പറഞ്ഞതു. കൈസര്യയിൽ സംഭവിച്ചതുമായി താരതമ്യം ചെയ്യാവുന്ന ഒന്നു മാത്രമേ പത്രോസിന്നു അറിയാവു. അതു "ആദിയിൽ" അപ്പൊസ്തലന്മാരിൽ സംഭവിച്ചതുമാത്രം. അപ്പോൾ പെന്തെകൊസ്തിനുശേഷം കൊർന്നെല്യോസിന്റെ ഭവനത്തിലാണ് അങ്ങനെ സംഭവിക്കുന്നത്.[6]

സുവിശേഷം കേട്ടു വിശ്വസിക്കുന്നതിന്നു, ജാതികളെയും ദൈവം തെരഞ്ഞെടുത്തു എന്നു പരിശുദ്ധാത്മാവുകൊണ്ടു അവരെ സ്നാനപ്പെടുത്തി അറിയിക്കുന്നതാണ് (പ്രവൃത്തി 15:7–9), കൊർന്നെല്യോസിന്റെ ഭവനത്തിലെ പരിശുദ്ധാത്മാവുകൊണ്ടുള്ള സ്നാനം മനുഷ്യർക്കു തടുക്കുവാൻ അവകാശം ഉണ്ടായിരുന്നില്ല (പ്രവൃത്തി 10:47). അങ്ങനെ ചെയ്താൽ അതു ദൈവത്തെ തടുക്കുന്നതിനു തുല്യമായിരിക്കും (പ്രവൃത്തി 11:17), പത്രൊസ് അതിനു തയ്യാറായില്ല. പരിശുദ്ധാത്മാവിനെ അസാധാരണമായി നല്കിയതിനെ സാധാരണസംഭവമായി കണക്കാക്കാവുന്നതായിരുന്നില്ല. സ്നാനപ്പെട്ട യെഹൂദന്മാരുടെ

അതേനിലവാരത്തിൽ ജാതികൾക്കും ദൈവം രക്ഷ നല്കുമെന്നു ജാതി കളെ പരിശുദ്ധാത്മാവുകൊണ്ടു സ്നാനപ്പെടുത്തി തെളിയിച്ചു, അങ്ങനെ അവർക്കും ക്രിസ്ത്യാനി കളായിത്തീരാൻ കഴിഞ്ഞു. ഒരിക്കൽ എന്നേക്കുമായി തെളിയിച്ചു വീണ്ടും തെളിയിക്കേണ്ട ആവശ്യമില്ല; ഇക്കാരണത്താൽ, ജലസ്നാനത്തിനു മുൻപ് പരിശുദ്ധാത്മ സ്നാനം പിന്നീടു ഒരിക്കലും സംഭവിക്കുന്നില്ല.

### 1 കൊരിന്ത്യർ 12:13

1 കൊരിന്ത്യർ പറയുന്നതു, "യെഹൂദന്മാരോ യവനന്മാരോ, ദാസരോ സ്വതന്ത്രരോ, നാം എല്ലാവരും ഏകശരീരമാകുമാറു, ഒരേ ആത്മാവിൽ സ്നാനമേറ്റും എല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്തുമിരിക്കുന്നു." യെഹൂദന്മാരും ജാതികളും രാജ്യത്തിലേക്കു പ്രവേശിക്കുന്നതിന് ചിലർ ഈ വാക്യത്തെ എടുത്തുകൊണ്ടു പരിശുദ്ധാത്മ സ്നാനം ഈ രണ്ടു സംഭവങ്ങളിൽ കൂടുതലായി സംഭവിക്കുന്നുണ്ട് എന്നു പറയുന്നുണ്ട്. ബ്രൂണർ പറയുകയുണ്ടായി,

> ഈ വാക്യം രണ്ടാമതു, തുടർന്നു നടക്കുന്ന വേർപെട്ട, പരിശുദ്ധാത്മ സ്നാനമാണെന്നു, അതായതു ക്രിസ്തുവിനോടു ചേരുവാനുള്ള സ്നാനത്തിനു, പുറമെ അണെന്നും അതു *ചില* ക്രിസ്ത്യാനികൾക്കു, മാത്രമാണെങ്കിൽ ആ ഭാഗത്തെ വാക്കുകളെ ലംഘിക്കുന്നതായി വരും – "എല്ലാവരും ... എല്ലാവരും" – കൊരിന്ത്യ ലേഖനത്തിലെ വേദഭാഗത്തിലെ ഉദ്ദേശത്തിനെതിരായും വരും. പൗലോസിന്റെ കൊരിന്ത്യ സന്ദേശത്തിന്റെ ഭാരം ക്രിസ്തുവിനോട് ചേരുവാൻ സ്നാനമേൽക്കുന്ന *എല്ലാവരും* ഒന്നായിരിക്കണം എന്നാണ്.[7]

പൗലോസ് പറഞ്ഞതു *എല്ലാവരും* ഏകസ്നാനമാണ് ഏറ്റതെന്നു, അതു വിശ്വാസികൾ എല്ലാവരേയും ഏക ശരീരമായി യോജിപ്പിക്കുന്നതിനത്രേ. അവന്റെ വാദം *എല്ലാ* ക്രിസ്ത്യാനികളും ഈ സ്നാനം ഏറ്റു എന്നാണ്; അതുകൊണ്ട്, അവ*രെല്ലാവരും* വർഗ്ഗമോ, പശ്ചാത്തലമോ, സാമൂഹ്യ നിലപാടോ ഒന്നും ഗണ്യമാക്കാതെ ഏക ശരീരമാകുന്നു. പ്രത്യേകമായ കുറെ പേർക്കു മാത്രമാണ് പരിശുദ്ധാത്മ സ്നാനം, ലഭിക്കുന്നതെങ്കിൽ എല്ലാവരും ഒരേ രീതിയിൽ സ്നാനപ്പെട്ടവരല്ല. അപ്പോൾ പറയുന്ന ഐക്യതയും വരുന്നില്ല.

പ്രവൃത്തികളുടെ പുസ്തകത്തിൽ, പറയുന്ന എല്ലാ വിശ്വാസികളും അനുസരിക്കേണ്ട ഏകസ്നാനം ജലസ്നാനമാണ്. എന്നാൽ പരിശുദ്ധാത്മ സ്നാനം കുറെ പേർക്കു മാത്രമായി നല്കിയിരിക്കുന്നു. ഇക്കാരണത്താൽ, 1 കൊരിന്ത്യർ 12:13 ന്റെ അർത്ഥം മനസിലാക്കേണ്ടതു, ജലസ്നാനം മുഖാന്തരം എല്ലാ വിശ്വാസികൾക്കും ലഭിക്കുന്ന പരി ശുദ്ധാത്മാവിനാൽ എല്ലാവരേയും ഏക ശരീരമാക്കി തീർത്തു. മറിച്ചു പരി

ശുദ്ധാത്മ സ്നാനമായി അതെടുക്കുവാൻ പ്രവൃത്തികളുടെ പുസ്ത കത്തിലെ ചരിത്ര തെളിവുകൾ സമ്മതിക്കുന്നില്ല.

**ഉപസംഹാരം**

യോഹന്നാന്റേയും യേശുവിന്റേയും ഒരുക്ക പ്രവൃത്തികളിന്മേൽ പ്രാരംഭസഭ എങ്ങനെ പണിതു എന്നു പ്രവൃത്തികളുടെ പുസ് തകം വെളിപ്പെടുത്തുന്നു. യേശു പഠിപ്പിച്ചതാണ് ക്രിസ്ത്യാനികൾ പ്രസം ഗിക്കയും പരിശീലിക്കുയും ചെയ്തതു. യേശുവിന്റെ ക്രൂശിലെ മരണ ത്തിൽ, രക്തത്തിൽ, ഉയിർത്തെഴുന്നേറ്റ കർത്താവിലുള്ള വിശ്വാസ ത്താൽ പാപങ്ങളുടെ മോചനത്തിനായി സ്നാനമേറ്റു ശുദ്ധീകരിക്ക പ്പെട്ടവരായിരുന്നു അവർ. അവരുടെ സമർപ്പണത്താൽ, അവർ അന്നത്തെ ലോകത്തിനു പ്രകാശമായി തീർന്നു. യേശുവിന്റെ വെളി ച്ചമാണ് അതിനു അവരെ സഹായിച്ചത്. അവരുടെ സ്നാനം ജീവി തത്തിലെ വഴിത്തിരിവായിരുന്നു, അതു ലോക ചരിത്രത്തിന്റെ തന്നെ ഒരു വഴിത്തിരിവായി തീർന്നു.

---

കുറിപ്പുകൾ

[1]ഫ്രെഡറിക് ഡെയിൽ ബ്രൂണർ, *എ. തിയോളജി ഓഫ് ദി ഹോളി സ്പിരിറ്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയുഎം. ബി എഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി, 1970), 189. [2]ഇബിഡ്. [3]ഇബിഡ്., 216-17. [4]ഇബിഡ്., 218. [5]എ.ടി. റോബർട്ട്സൺ, *എ ഗ്രാമർ ഓഫ് ദി ഗ്രീക്ക് ന്യൂടെസ്റ്റമെന്റ്*, 4th ഇഡി.(നാ ഷ്വില്ലെ: ബ്രോഡ് മാൻ പ്രെസ്, 1923), 1113. [6]ബ്രൂണർ, 194. [7]ഇബിഡ്., 292.